പഞ്ചസാര വില

*289 . [347] ശ്രീ. കെ. ശങ്കരനാരായണ പിള്ള :

,, എ. കെ. ശശീന്ദ്രൻ :

,, ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ സംസ്ഥാനത്ത് ഓപ്പൺ മാർക്കറ്റിൽ പഞ്ചസാര വില എത്രയാണ് ;

(ബി) പഞ്ചസാര വില നിയന്ത്രിക്കാൻ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തെല്ലാം ;

(ഡി) ഇറക്കുമതി ചെയ്യുന്ന പഞ്ചസാര മാവേലി സ്റ്റോറുകളിലൂടെ വില കുറച്ച് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ഇ) വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വിശദ വിവരങ്ങൾ വ്യക്തമാക്കുമോ ?

ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ) :

(എ) കിലോഗ്രാമിന് ഏഴ് രൂപ ഇരുപതു പൈസ മുതൽ ഏഴ് രൂപ അൻപതു പൈസവരെയാണ്.

(ബി) ഉണ്ട്.

(സി. ഡി. ഇ.) ഇറക്കുമതിചെയ്ത പഞ്ചസാര സംസ്ഥാനത്തെ എല്ലാ മാവേലി സ്റ്റോറുകളും വഴിയും സഹകരണ മാവേലി സ്റ്റോറുകളും വഴിയും മറ്റു സഹകരണ ഡിപ്പാർട്ടുമെന്റൽ സ്റ്റോറുകളും വഴിയും കിലോഗ്രാമിന് ആറു രൂപയിൽ കവിയാത്ത നിരക്കിൽ വിൽക്കുന്നുണ്ട്.

ശ്രീ. കെ. ശങ്കരനാരായണപിള്ള : ഏതു സാധനങ്ങളുടെ ദൗർലഭ്യം ഉണ്ടാകുമ്പോഴും ആ സാധനങ്ങൾ ബ്ലാക്ക് മാർക്കറ്റിൽ പോകുന്നതിനുള്ള ഒരു ടെൻഡൻസിയുണ്ട്. നമ്മുടെ ഈ ലെവി പഞ്ചസാര ഈ ഹോംസെയിൽ റീട്ടെയിൽ ഔട്ട്ലെറ്റിൽനിന്നും പഞ്ചസാരയ്ക്ക് വിലകൂടിയ സാഹചര്യത്തിൽ ബ്ലാക്ക്മാർക്കറ്റിൽ പോകുന്നതായ ഒരു പ്രവണത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ? അതിനെന്തെങ്കിലും നിർദ്ദേശം സിവിൽ സപ്ലൈയ്സ് ഉദ്യോഗസ്ഥൻമാർക്ക് നൽകിയിട്ടുണ്ടോ ?

ശ്രീ. യു. എ. ബീരാൻ : റേഷൻ സാധനങ്ങൾ ബ്ലാക്ക്മാർക്കറ്റിൽ പോകുന്നത് കർശനമായി തടയണം എന്നുള്ള നിർദ്ദേശം ശക്തമായി നൽകിയിട്ടുണ്ട്.

ശ്രീ. കെ. ശങ്കരനാരായണ പിള്ള : സിമന്റ് ദൗർലഭ്യം ഉണ്ടായപ്പോൾ സിമന്റ് ഇറക്കുമതി ചെയ്തതുപോലെ നേരിട്ട് പഞ്ചസാര കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുന്നതിനുള്ള അനുവാദത്തിനുവേണ്ടി കേന്ദ്രത്തിലേക്ക് അപേക്ഷിച്ചിട്ടുണ്ടോ ? ഇല്ലെങ്കിൽ അപേക്ഷിക്കാനുദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. യു. എ. ബീരാൻ : വിദേശങ്ങളിൽ നിന്ന് പഞ്ചസാര ഇറക്കുമതി ചെയ്യുന്നത് ഇൻഡ്യാഗവൺമെൻറാണ്. എസ്.ടി.സി. ഇറക്കുമതി ചെയ്തിട്ട് ഇൻഡ്യാഗവൺമെൻറ് നമുക്ക് അലോട്ടു ചെയ്യുകയാണ്.

ശ്രീ. ലോനപ്പൻ നമ്പാടൻ : മായം ചേർത്ത മധുരം കുറഞ്ഞ പഞ്ചസാര യാണ് കേരളത്തിൽ വിതരണം ചെയ്യുന്നത് എന്ന സത്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? ഉണ്ടെങ്കിൽ നല്ല മധുരമുള്ള പഞ്ചസാര വിതരണം ചെയ്യുമോ ?

ശ്രീ. യു. എ. ബീരാൻ : മായം ചേർക്കാത്ത നല്ല മധുരമുള്ള പഞ്ചസാരയാണ് വിതരണം ചെയ്യുന്നത്.

ശ്രീ. ലോനപ്പൻ നമ്പാടൻ : കഴിഞ്ഞ പാർലമെൻറു ഫണ്ടിലേക്ക് പഞ്ചസാര ഫാക്ടറി ഉടമകളിൽ നിന്ന് കോടിക്കണക്കിന് രൂപ വാങ്ങിയിട്ടുള്ളതു കൊണ്ടാണ് കേന്ദ്ര സർക്കാർ പഞ്ചസാരയ്ക്ക് വില വർദ്ധിപ്പിച്ചിട്ടുള്ളത് എന്ന വസ്തുത അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. യു. എ. ബീരാൻ : അത് പാർലമെൻറിൽ മെമ്പർമാർ ചോദിക്കേണ്ട ചോദ്യമാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

നെൽകൃഷിക്കു നൽകിയ സബ്സിഡി

* 290. [348] ശ്രീ. എം. ജിനദേവൻ :
ശ്രീമതി കെ. ആർ. ഗൗരി :
ശ്രീ. സി. കെ. തങ്കപ്പൻ :
,, പി. വി. കുഞ്ഞിക്കണ്ണൻ :
,, ടി. കെ. ആറുമുഖൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകൃഷിക്ക് 1983-84, 1984-85-ൽ സബ്സിഡിയിനത്തിൽ എന്തു തുക നൽകി ;

(ബി) ഏതെല്ലാം പ്രദേശത്തെ കൃഷിക്കാർക്കാണ് നെൽകൃഷി സബ്സിഡി നൽകുന്നത് ;

(സി) ഏതെല്ലാം ഇനങ്ങൾക്കാണ് സബ്സിഡി നൽകിവരുന്നത് ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്) :

(എ) പല ഇനത്തിലായി 1983-84-ൽ 4.69 കോടി രൂപയും 1984-85 ൽ 6.45 കോടി രൂപയും നൽകിയിട്ടുണ്ട്.

(ബി) പമ്പിംഗ് സബ്സിഡിയും, വളം സബ്സിഡിയും കുട്ടനാട്ടിലെ കർഷകർക്കും തൃശ്ശൂർ, പൊന്നാനി കോൾ കർഷകർക്കും മാത്രമാണ് നൽകുന്നത്. വിവിധ പദ്ധതികളെ സംബന്ധിച്ചുള്ള മറ്റ് സബ്സിഡികളും കേരളത്തിലെ എല്ലാ ജില്ലകളിലെ കൃഷിക്കാർക്കും നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly